**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **19-01-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മില്ലെറ്റ് വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും 2017-2018 മുതൽ ചെറുധാന്യഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | അട്ടപ്പാടിയിലെ ചെറുധാന്യങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്ത മില്ലെറ്റ് വില്ലേജ് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ; | (ബി) | മില്ലെറ്റ് വില്ലേജ് പദ്ധതിപ്രകാരം ചെറുധാന്യങ്ങൾ, നിലക്കടല, പയറുവർഗ്ഗങ്ങളായ പയർ, തുവര, എണ്ണക്കുരുക്കളായ കടുക്, എള്ള്, സൂപ്പർ ഫുഡ് ചിയ എന്നിവ കൃഷി ചെയ്യുന്നതിന് തെരഞ്ഞെടുത്ത 70 ഊരുകളിലെ കർഷകർക്ക് ധനസഹായം അനുവദിയ്ക്കുന്നതോടൊപ്പം 5 ഊരുകളെ മാതൃകാ ഊരുകളായി വികസിപ്പിച്ചെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചെറുധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിലൂടെ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്ക് അവരുടെ പരമ്പരാഗത ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുകയും അതുവഴി അവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുകയുമാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം. |
| (സി) | ആദിവാസി വിഭാഗത്തിന്റെ മുഖ്യ ആഹാരമായിരുന്ന ചെറുധാന്യങ്ങളായ തിനയും ചാമയും കുവരകും ഉൾപ്പെടെയുള്ളവയെ പഴയ പ്രതാപത്തോടെ തിരികെക്കൊണ്ടുവരുന്നതിനുള്ള ശ്രമമാണോ ഈ പദ്ധതിയെന്ന് വ്യക്തമാക്കുമോ; | (സി) | അതെ. പദ്ധതി ആരംഭിയ്ക്കുന്നതിന് മുൻപ് കേവലം 300 ഹെക്ടറിൽ താഴെ ഉണ്ടായിരുന്ന ചെറുധാന്യങ്ങളുടെ കൃഷി ഇപ്പോൾ 1200 ഹെക്ടറിലേയ്ക്ക് ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | അട്ടപ്പാടിയിലെ കൃഷിപ്പണികൾക്ക് നേതൃത്വം നല്കുന്ന മണ്ണൂക്കാരന്മാർ, ഭണ്ഡാരികൾ എന്നിവരെ വിളിച്ചുചേർത്ത് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചും ഓരോ പ്രദേശത്തെ കാലാവസ്ഥ പരിഗണിച്ചുമാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഓരോ വിളയും ഇറക്കുന്നതിന് മുൻപ് പ്രസ്തുത ഊരുകൂട്ടങ്ങൾ കൂടി തീരുമാനമെടുത്തിട്ടാണ് കൃഷിയിറക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ നിന്നുള്ള ഉല്പന്നങ്ങളെ | (ഇ) | ബ്രാന്റ് ചെയ്ത് വിൽക്കാനായി പദ്ധതി വിഭാവനം |

| | | | |
|---|---|---|---|
| | അട്ടപ്പാടി മില്ലറ്റ് വില്ലേജ് പ്രോഡക്ട് എന്ന പേരിൽ ബ്രാന്റ് ചെയ്ത് വില്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | ചെയ്തിട്ടുണ്ട്. നിലവിൽ കോയമ്പത്തൂർ കെ.വി.കെ-യുടെ സഹായത്തോടെ 3 ടൺ ധാന്യങ്ങൾ ബ്രാന്റ് ചെയ്ത് വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. ആർ.കെ.ഐ പദ്ധതിയുടെ കീഴിൽ സംസ്കരണശാല ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ